മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ബി.എസ്.സി. (മെഡിക്കൽ മൈക്രോബയോളജി) ഡിഗ്രിക്ക് ബി.എസ്.സി. മൈക്രോബയോളജി ഡിഗ്രിയുമായുള്ള തുല്യത നൽകിക്കൊണ്ടുള്ള അക്കാദമിക് കൗൺസിലിൻെറ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

**സെൽഫ് ഫിനാൻസിങ് വിഭാഗം III**

സ.ഉ.നം.6035/എസ്.എഫ് 3/2/4560/2017 തീയതി. പി.ഡി.ഹിൽസ് 10.10.2017

പരാമർശം(1) ശ്രീമതി ജെസാ ജസ്റ്റസ്, ശ്രീമതി ഷീന ഐ. നായർ എന്നിവർ തുല്യതാ സർട്ടിഫിക്കറ്റിനു വേണ്ടി സമർപ്പിച്ച അപേക്ഷകൾ

(2) 24.11.2016 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമത്തിലെ ഇനം നമ്പർ 67/എസി.15/16298 പ്രകാരമുള്ള തീരുമാനം.

(3) 14.08.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമത്തിലെ ഇനം നമ്പർ 72/എസി.17/17262 പ്രകാരമുള്ള തീരുമാനം.

## ഉത്തരവ്

പരാമർശം (1) പ്രകാരം, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിൽ നിന്നും ബി.എസ്.സി. (മെഡിക്കൽ മൈക്രോബയോളജി) ഡിഗ്രി കരസ്ഥമാക്കിയ ശ്രീമതി ജെസാ ജസ്റ്റസ്, ശ്രീമതി ഷീന ഐ. നായർ എന്നിവർ തങ്ങളുടെ ബിരുദത്തിന് സർവ്വകലാശാലയുടെ തന്നെ ബി.എസ്.സി. മൈക്രോബയോളജി ഡിഗ്രിയുമായി തുല്യത ഉണ്ടെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിച്ചിരുന്നു. ഇരു ഡിഗ്രികളും തമ്മിൽ തുല്യത നൽകാനാവില്ലെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ അഭിപ്രായപ്പെട്ടു. ഫാക്കൽറ്റി ഓഫ് സയൻസിൻെറ ഡീൻ ആ അഭിപ്രായത്തോട് യോജിച്ചു. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം ടി വിഷയം അക്കാദമിക് കൗൺസിലിൻെറ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയും പരാമർശം (2) പ്രകാരം അതു അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് സമർപ്പിക്കപ്പെടുകയുമുണ്ടായി. 24.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻറിംഗ് കമ്മിറ്റി ഇരു ഡിഗ്രികളും തമ്മിലുള്ള തുല്യത നൽകുന്നതിന് ശുപാർശ ചെയ്തു.

14.08.2017 ൽ കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം, പരാമർശം (3) പ്രകാരം 24.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിലിൻെറ സ്റ്റാൻറിംഗ് കമ്മിറ്റി യോഗത്തിൻെറ നടപടിക്രമം അനുസരിച്ച്, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിലെ ബി.എസ്.സി. (മെഡിക്കൽ മൈക്രോബയോളജി) ഡിഗ്രിക്ക് ബി.എസ്.സി. മൈക്രോബയോളജി ഡിഗ്രിയുമായി തുല്യത നൽകുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാബു തോമസ്
ഡെപ്യൂട്ടി രജിസ്ട്രാർ (സ്വാശ്രയ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

01. ശ്രീമതി ജെസാ ജസ്റ്റസ്

02. ശ്രീമതി ഷീന ഐ. നായർ

03. വി.സി/ പി.വി.സി- യുടെ പി.എസ്സുമാർ

04. രജിസ്ട്രാർ//സി.ഇ-യുടെ പി.എമാർ

05. ഡയറക്ടർ സി.പി.എ.എസ്.

06. ജെ.ആർ-2 (ഭരണവിഭാഗം)/ജെ.ആർ (അക്കാദമിക്)/ജെ.ആർ-1 (പരീക്ഷ)

07. ഡി.ആർ/എ.ആർ (അക്കാദമിക്)

08. എ.സി.ഡി വിഭാഗം

09. എ.സി.സി വിഭാഗം/ഐ.ക്യു.എ.സി

10. റെക്കോർഡ്/കണ്ടൻറ് മാനേജ്മെൻറ് വിഭാഗങ്ങൾ

11. കരുതൽ ഫയൽ/ഫയൽ പകർപ്പ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.4560/1/എസ്.എഫ്.3/2016